പതിമൂന്നാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 14 — 26.9.2011 ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ന്യായവിലയും രജിസ്ട്രേഷനും

**ചോദ്യം**

ശ്രീ.വർക്കല കഹാർ
ശ്രീ.പാലോട് രവി
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.പി.എ.മാധവൻ

**ഉത്തരം**

(ശ്രീ.ടി.എം.ജേക്കബ്)
ഭക്ഷ്യവും സിവിൽസപ്ലൈസും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം വസ്തുവിൻെറ ന്യായവിലയിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | ഫെയർവാല്യൂ സംബന്ധമായ പരാതികൾ പരിഹരിക്കുന്ന കാര്യം സർക്കാരിൻെറ നൂറുദിനപരിപാടി യിൽ ഉൾപ്പെടുത്തുകയും, വകുപ്പു മന്ത്രിയുടെ 31.5.2011 ലെ യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഫെയർ വാല്യൂ സംബന്ധിച്ച് പരിഹരിക്കപ്പെടാതെയുള്ള അപ്പീലുകൾ അദാലത്തുകൾ നടത്തി സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാനും, ഭൂവുടമകൾക്ക് ഇനിയും പരാതികൾ ഉള്ള പക്ഷം, അതുസംബന്ധിച്ച അപ്പീൽ, വില്ലേജ്/താലൂക്ക്/റവന്യൂ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ. പരമാവധി 30 ദിവസ ത്തിനകം, തീർപ്പു കൽപ്പിക്കാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ന്യായവിലയിലെ അപാകതകൾ മൂലം പുതിയ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | രജിസ്ട്രേഷൻ തുകയിൽ കുറവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; മുൻ സർക്കാർ നിശ്ചയിച്ച അപ്രായോഗികമായ രജിസ്ട്രേഷൻ നിരക്കുകളിൽ മാറ്റം വരുത്തുമോ? | ഭാഗപത്രം, ധനനിശ്ചയം തുടങ്ങിയ കരണങ്ങൾക്ക് മുദ്രവിലയിൽ ഇളവു നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസിൽ ഇളവുവരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.. |

സെക്ഷൻഓഫീസർ